5/02/2023

# നിരൂപണത്തിന് ഗൗരവം നഷ്ടപ്പെട്ടു: വൈശാഖൻ

തൃക്കാക്കര: സമകാലിക മലയാള സാഹിത്യത്തിൽ നിരൂപണത്തിന് ഗൗരവം നഷ്ടപ്പെട്ടതായി കഥാകൃത്ത് വൈശാഖൻ പറഞ്ഞു. വിമർശകന്റെ ഔന്നിത്യവും പ്രസക്തിയും തിരിച്ചറിഞ്ഞ ധൈര്യശാലിയായ നിരൂപകനായിരുന്നു എം.പി പോൾ. തൃക്കാക്കര ഭാരത മാതാ കോളേജിൽ പ്രൊഫ. എം.പി. പോൾ അവാർഡ്ദാനച്ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.



പ്രൊഫ.എം. പി. പോൾ പുരസ്കാരം ഡോ.എം ലീലാവതിക്ക് പ്രൊഫ. ലൂസി വർഗീസ് സമ്മാനിക്കുന്നു

സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം ഡോ.എം. ലീലാവതിക്കും മികച്ച നിരൂപണ ഗ്രന്ഥത്തിനുള്ള പുരസ്കാരം എൻ. രാധാകൃഷ്ണൻ നായർക്കും ഗവേഷണ പുരസ്കാരം അഞ്ജുഷ എൻ.പി, റ്റോജോ സെബാസ്റ്റ്യൻ എന്നിവർക്കും എം.പി. പോളിന്റെ മകൾ പ്രൊഫ. ലൂസി വർഗീസ് സമ്മാനിച്ചു. എം.പി പോൾ ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ ഡോ.കെ വി തോമസ് അദ്ധ്യക്ഷനായി.

കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം നേടിയ പ്രൊഫ. എം. തോമസ് മാത്യുവിനെ കവി റഫീഖ് അഹമ്മദ് ആദരിച്ചു. ഡോ. കെ.എം. ജോൺസൺ, ഡോ. മഹേഷ് മംഗലാട്ട്, ഡോ. സി.ജെ. ജോർജ്ജ്, ഡോ. തോമസ് പനക്കളം എന്നിവർ സംസാരിച്ചു.